## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 2471** **11.10.2011- ൽ മറുപടിക്ക്**

### നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റ്റി.യു. കുരുവിള<br>ശ്രീ. മോൻസ് ജോസഫ് | | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ബഹു. റവന്യൂ വകുപ്പു മന്ത്രി) |
| (എ) | വരൾച്ചയിലും, കാലവർഷക്കെടുതിയിലും വീടും കൃഷിയിടങ്ങളും നഷ്ടപ്പെടുന്നവർക്ക് നൽകി വരുന്ന ധനസഹായത്തിന്റെ വിശദാംശംങ്ങൾ വ്യക്തമാക്കുമോ; | (എ) | പൂർണ്ണമായി തകർന്ന വീടുകൾക്ക് പക്കാ കച്ചാ ഭേദമില്ലാതെ ഒരു ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി 35,000/- രൂപയുമാണ് അനുവദിക്കുന്നത്. കൃഷി നശിച്ചവർക്ക് 16.02.2009 ലെ സ.ഉ(എം.എസ്) നം.89/2009/ഡി.എം.ഡി പ്രകാരമുള്ള തുകയാണ് ധനസഹായമായി അനുവദിക്കുന്നത്. |
| (ബി) | ഇതിലേക്കായി വർഷങ്ങളായി സർക്കാർ നല്കി വരുന്ന ധനസഹായ തുക വളരെ കുറവാണെന്നുള്ളത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് പൂർണ്ണമായി തകർന്ന വീടുകൾക്ക് പക്കാ കച്ചാ ഭേദമില്ലാതെ ഒരു ലക്ഷം രൂപയും ഭാഗികമായി തകർന്ന വീടുകൾക്ക് നാശനഷ്ടത്തിന്റെ തോത് കണക്കാക്കി 35,000/- രൂപയും അനുവദിക്കാൻ 16.06.2011 ലെ സ.ഉ(എം.എസ്)നം. 226/2011/ഡി.എം.ഡി പ്രകാരം സർക്കാർ തീരുമാനിച്ചത്. |
| (സി) | എങ്കിൽ പ്രസ്തുത നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (സി) | കാലവർഷക്കെടുതിയിൽ കൃഷി നാശം സംഭവിക്കുന്നവർക്കുള്ള നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ